ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ

1. മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ഗവണ്മെന്റനുമതിയോടുകൂടി 10 സഹകരണസംഘങ്ങൾ സംഘടിപ്പിച്ചു് സഹായധനം നൽകിയിട്ടുണ്ടു്.

2. ഈ നടപ്പുവർഷത്തേക്കു് രണ്ടര ലക്ഷം രൂപാ അനുവദിക്കാമെന്നു് കമ്മീഷൻ സമ്മതിച്ചിട്ടുണ്ടു്. ഖാദി ബോർഡിൽനിന്നും ഈ വ്യവസായത്തെ സമുദ്ധരിക്കുന്നതിനു് ആവശ്യമായ പരിപാടികളും തയ്യാറാക്കി കമ്മീഷനയച്ചിട്ടുണ്ടു്. കൂടുതലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു സാമ്പത്തിക സാങ്കേതിക സഹായപദ്ധതി ബോർഡു് തയ്യാറാക്കിവരുന്നുണ്ടു്.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അമേരിക്കൻ-ജാപ്പനീസു് സഹകരണത്തോടെ ഡ്രൈസെൽ ബാറ്ററി ഫാക്ടറി

* 111. [300] ശ്രീ. കെ. ശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമേരിക്കൻ-ജാപ്പനീസു് സഹകരണത്തോടെ ചെങ്ങമനാട്ടു് സ്ഥാപിക്കാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന ഡ്രൈസെൽ ഫാക്ടറി എന്നത്തേക്കു് ആരംഭിക്കുമെന്നു് പറയാമോ ;

(ബി) പ്രസ്തുത ഫാക്ടറിയുടെ പരമാവധി ഉല്പാദനശേഷി എത്രയാണെന്നു് പറയുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്സു്) :

(എ) ഒരു വർഷത്തിനകം.

(ബി) പ്രതിവർഷം ആറു കോടി ബാറ്ററികളും.

ചെറുകിടവ്യവസായ കാർപ്പറേഷൻ

* 112. [308] ശ്രീ. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാന ചെറുകിട വ്യവസായകാർപ്പറേഷൻ കമ്പനികളിൽ നിക്ഷേപിച്ചിട്ടുള്ള സംഖ്യ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നില്ലെന്നു് പരാതിയുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാർപ്പറേഷന്റെ 1965-66-ലെ 5-ാം വാർഷികറിപ്പോർട്ടിൽ അസോസ്യേറ്റഡു് ഫൈബർ ആൻഡു് റബ്ബർ ഇൻഡസ്ട്രീസു് പ്രൈവറ്റു് ലിമിറ്റഡു്, കൊച്ചിൻ എന്ന കമ്പനിയിൽ കാർപ്പറേഷൻ നിക്ഷേപിച്ചിട്ടുള്ള ഒരു ലക്ഷം ഉറുപ്പികയുടെ ഷെയറിൽനിന്നു് ഓഹരിയിനത്തിലോ പലിശയിനത്തിലോ ലാഭവിഹിതത്തിലോ ഒന്നും അടച്ചിട്ടില്ല എന്നു കാണുന്നതിന്റെ കാരണമെന്താണു് ;

(സി) ഈ കാര്യത്തിൽ വീഴ്ച വരുത്തിയവരാരാണെന്നു് അന്വേഷിച്ചു വേണ്ട നടപടികളെടുക്കാൻ ആവശ്യമായതു ചെയ്യുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്സു്) :

(എ) ഉണ്ടു്.

(ബി, സി) ഈ കാര്യം അന്വേഷണത്തിലിരിക്കുകയാണു്. അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly